പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5437 18/11/2019-ൽ മറുപടിക്ക്

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനം

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള:

**ഉത്തരം**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

(എ) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി യുടെ തീരുമാനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് വളരെയധികം പ്രയാസമുണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് ഫിസിക്സ്, കെമിസ്ട്രി എന്നിവയിൽ ഏതെങ്കിലുമൊന്നിൽ ബിരുദവും ഫിസിക്കൽ സയൻസിൽ ബി.എഡ്. ബിരുദവുമുള്ള യോഗ്യരായ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളെ പി.എസ്.സി. അയോഗ്യരാക്കുന്ന പ്രവണതക്കെതിരെ സർക്കാർ അടിയന്തരമായി ഇടപെടുമോ:

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനങ്ങളിൽ തീർപ്പ് കൽപിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്.

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പി.എസ്.സി യുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് മുൻകൈ എടുക്കുമോ;

(എ) യും (ബി) യും (സി) യും (ഡി) യും

കെ ഇ ആർ അധ്യായം XXXI റൂൾ 2 (2) (എ) പ്രകാരം ബന്ധപ്പെട്ട വിഷയത്തിലെ ബിരുദവും ബി.എഡുമാണ് എച്ച്.എസ്.എ കോർ വിഷയങ്ങളിലെ നിയമനങ്ങൾക്കുള്ള യോഗ്യത. കൂടാതെ കെ - ടെറ്റ് യോഗ്യത നേടിയിരിക്കണം. ഡിഗ്രിയ്ക്ക് ഫിസിക്സ് മെയിൻ സബ്ജക്ടിനോടൊപ്പം കെമിസ്ട്രിയും കെമിസ്ട്രിയോടൊപ്പം ഫിസിക് സും സബ്സിഡിയറിയായി പഠിച്ചിരിക്കണം എന്ന നിർദേശം സർക്കാർ നല്കിയിരുന്നില്ലെങ്കിലും ബഹു: KAT ന്റെ O.A No.370/12 മേലുള്ള 19.06.12 ലെ വിധിയെ തുടർന്ന് പി എസ് സി ടി വ്യവസ്ഥ പിന്തുടരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ടി വിഷയത്തിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയുണ്ടായി . ഫിസിക്സ്/കെമിസ്ട്രി എന്നീ വിഷയങ്ങൾ ബിരുദ തലത്തിൽ മുഖ്യ വിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ് സിഡിയറി വിഷയമായും പഠനം പൂർത്തിയാക്കിയവരെ മാത്രം എച്ച് എസ് എ (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പരിഗണിച്ചാൽ മതിയെന്ന് എസ്.സി.ഇ.ആർ.ടി യുടെ കരിക്കുലം സബ് കമ്മിറ്റി ശുപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 06.06.19 ലെ സ.ഉ (കൈ) നമ്പർ.58/19/പൊ.വി.വ പ്രകാരം ഫിസിക്സ് / കെമിസ്ട്രി

ഈ വിഷയത്തിന്മേൽ തീരുമാനമാകുന്ന മുറയ്ക്ക് പി.എസ്.സി. യുമായി ചർച്ച നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

| | |
|---|---|
| (ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട് പി.എസ്.സി സർക്കാരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്തുകയോ സർക്കാരിന്റെ അഭിപ്രായം തേടുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) എച്ച്.എസ്.എ ഫിസിക്കൽ സയൻസ് തസ്തികയിലേക്കുള്ള നിയമനം സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ തങ്ങളുടെ നിലപാട് അറിയിച്ചുകൊണ്ട് കത്ത് അയച്ചിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19-6-2012 ലെ വിധിന്യായത്തിന്റെ അടിസ്ഥാന ത്തിലാണ് ഫിസിക്സ്/കെമിസ്ട്രി മുഖ്യവിഷയ വും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്നുള്ള യോഗ്യത നിശ്ചയിച്ചതെന്നും, അപ്രകാരം പഠിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചിട്ടുള്ളതെന്നും, നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ബഹുമാനപെട്ട സുപ്രീം കോടതിയുടെ താൽക്കാലികവിധിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ നടപടികളിൽ പങ്കെടുപ്പിക്കുന്നതിനും അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചതായും അറിയിച്ചിട്ടുണ്ട്.<br><br>എന്നാൽ 227/16 ആയി പുറപ്പെടുവിച്ച കമ്മീഷന്റെ വിജ്ഞാപനത്തിൽ ഉദ്യോഗാർ ത്ഥികളുടെ യോഗ്യത സംബന്ധിച്ച് കെമിസ്ട്രി/ഫിസിക്സ് മുഖ്യവിഷയമായും കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും പഠിക്കണമെന്ന് തുറന്നു വ്യക്തമാക്കിയിരുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതുമൂലം രണ്ടു വിഷയവും പഠിക്കാത്ത ഉദ്യോഗാർത്ഥികളെ പി എസ് സി ഒഴിവാക്കിയ നടപടി ശരിയല്ലെന്നുള്ള ഒരു |

മുഖ്യവിഷയമായും അതോടൊപ്പം കെമിസ്ട്രി/ഫിസിക്സ് സബ്സിഡിയറിയായും ബിരുദം നേടിയവരെ മാത്രം എച്ച് എസ് ടി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിയമിച്ചാൽ മതിയെന്ന് ഉത്തരവിട്ടിരുന്നു. ഈ ഉത്തരവിന് 06/06/19 മുതൽ മാത്രമാണ് പ്രാബല്യമുള്ളതെന്ന് 26/06/19 ലെ സ.ഉ (കൈ) നം.73/19/പൊവിവ പ്രകാരം വ്യക്തമാക്കുകയും ചെയ്തു.

എന്നാൽ 06-06-19 വരെ ഫിസിക്സ്, കെമിസ്ട്രി എന്നിവ രണ്ടും കൂടി ഉപവിഷയമല്ലാതെ ബി.എസ്.സി ഫിസിക്സ്, കെമിസ്ട്രി എന്നീ കോഴ്സുകൾ പഠിക്കുകയും ഫിസിക്കൽ സയൻസ് ബി.എഡ് നേടുകയും ചെയ്തിട്ടുള്ളവർക്ക് എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ഈ ഉത്തരവ് സാരമായി ബാധിക്കുമെന്നതിനാൽ അവരെയും എയ്ഡഡ് സ്കൂളിലെ സ്റ്റാറ്റ്യൂട്ടറി അവകാശികളായ കെ ഇ ആർ അധ്യായം XIV എ റൂൾ 43, 51എ, 51ബി അവകാശികളെയും മേൽ ഉത്തരവിന്റെ പരിധിയിൽ നിന്നും പിന്നീട് ഒഴിവാക്കുകയുണ്ടായി.

ഇതിനിടയിൽ ഫിസിക്സും, കെമിസ്ട്രിയും പഠിച്ച് ഫിസിക്കൽ സയൻസിൽ ബി.എഡും നേടിയ നിരവധി ഉദ്യോഗാർത്ഥികൾ ഉണ്ടായിരിക്കവേ, അവരെ പരിഗണിച്ചതിനു ശേഷം മാത്രമേ ഇവ രണ്ടും ഒരുമിച്ച് പഠിക്കാത്തവരെ പരിഗണിക്കാവൂ എന്ന് അപേക്ഷിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. എച്ച്.എസ്.എ (ഫിസിക്കൽ സയൻസ്) തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് നിരവധി ഉദ്യോഗാർത്ഥികൾ സമർപ്പിച്ച ഹർജികളിന്മേൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്. രണ്ടു വിഭാഗക്കാരും അവരുടെ അവകാശം ഉന്നയിച്ച് മുന്നോട്ട് വന്ന സാഹചര്യത്തിൽ

വിഭാഗം ഉദ്യോഗാർഥികളുടെ വാദം നിലനിൽക്കുന്നുണ്ട്. ഇപ്രകാരം 2 തരം ഉദ്യോഗാർത്ഥികളും അവരുടെ വാദം അംഗീകരിച്ച് കിട്ടുന്നതിന് KAT നെ നിരവധി കേസുകളിലൂടെ സമീപിച്ചിട്ടുണ്ട്. സർക്കാരിൽ ലഭ്യമായ കേസുകൾ OA No. 1042/19, 1223/19, 1028/19, 1882/19, 1456/19, 1471/19, 1179/19, 1023/19, 880/19 എന്നിവയാണ്. ഇക്കാര്യം കോടതിയുടെ പരിഗണനയിലേക്ക് എത്തിയ സ്ഥിതിക്ക് അന്തിമ ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി യുമായി ബന്ധപ്പെട്ട് പരിശോധിച്ച് ഈ വിഷയത്തിൽ അന്തിമ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ